**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 182** **23-08-2022 - ൽ മറുപടിയ്ക്ക്**

**ചങ്ങനാശ്ശേരി മണ്ഡലത്തിലെ ആർദ്രം പദ്ധതി പ്രവർത്തനങ്ങൾ**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. ജോബ് മൈക്കിൾ</td><td colspan="2">ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;</td><td>(എ)</td><td>ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ പ്രാഥമികാരോഗ്യകേന്ദ്രം മാടപ്പള്ളിയെ ആർദ്രം ഒന്നാം ഘട്ടത്തിലും, പ്രാഥമികാരോഗ്യകേന്ദ്രങ്ങളായ തൃക്കൊടിത്താനം, പായിപ്പാട് എന്നിവയെ ആർദ്രം രണ്ടാം ഘട്ടത്തിലും പ്രാഥമികാരോഗ്യകേന്ദ്രം വാഴപ്പള്ളിയെ ആർദ്രം മൂന്നാം ഘട്ടത്തിലും ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രങ്ങളായി പരിവർത്തനം ചെയ്തിട്ടുണ്ട്. ഇതിൽ പ്രാഥമികാരോഗ്യകേന്ദ്രങ്ങളായ മാടപ്പള്ളി ,തൃക്കൊടിത്താനം, പായിപ്പാട് എന്നിവ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പ്രവർത്തിച്ചുവരുന്നുണ്ട്.<br><br>ആർദ്രം മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമായി പരിവർത്തനം ചെയ്ത വാഴപ്പള്ളി പ്രാഥമികാരോഗ്യ കേന്ദ്രത്തിന് അടിസ്ഥാന സൗകര്യ വികസനത്തിനായി എൻ.എച്ച്.എം ഫണ്ടിൽ നിന്നും 15.50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. നിലവിലെ പി.എച്ച്.സി നവീകരണ പ്രവർത്തനങ്ങൾക്ക് യോഗ്യമല്ലാത്തതിനാൽ പ്രസ്തുത പ്രവൃത്തി എൻ.എച്ച്.എം.ന്റെ തന്നെ പുതിയ കെട്ടിട നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി ഡി.എൻ.കെ. കോട്ടയം എന്ന ഏജൻസി മുഖേന നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br><br>കൂടാതെ, ആർദ്രം പദ്ധതിയുടെ ഭാഗമായി ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിലെ ഒ.പി പരിവർത്തന പ്രവർത്തനങ്ങൾക്കായി 2019-20 സാമ്പത്തിക വർഷത്തിൽ സംസ്ഥാന പ്ലാൻഫണ്ട് മുഖേന 2.05 കോടി രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ നിർമ്മാണ ചുമതല WAPCOS എന്ന ഏജൻസിയെയാണ് ഏൽപ്പിച്ചിരിക്കുന്നത്. നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു.</td></tr>
<tr><td>(ബി)</td><td>ചങ്ങനാശ്ശേരി മണ്ഡലത്തിലെ ഏതെല്ലാം ആശുപത്രികളാണ് ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിച്ചിട്ടുള്ളതെന്നും അതിനായി എത്ര തുകയാണ് ചെലവായിട്ടുള്ളതെന്നും വിശദമാക്കുമോ?</td><td>(ബി)</td><td>ചങ്ങനാശ്ശേരി മണ്ഡലത്തിൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിച്ചിട്ടുള്ള ആശുപത്രിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br><table><tr><th>നം</th><th>ആരോഗ്യസ്ഥാപനം</th><th>തുക</th><th>നിലവിലെ സ്ഥിതി</th></tr><tr><td>1</td><td>എഫ്.എച്ച്.സി മാടപ്പള്ളി</td><td>26,80,000/-</td><td rowspan="3">കുടുംബാരോഗ്യ കേന്ദ്രങ്ങളായി പ്രവർത്തിച്ച വരുന്നു.</td></tr><tr><td>2</td><td>എഫ്.എച്ച്.സി പായിപ്പാട്</td><td>33,15,000/-</td></tr><tr><td>3</td><td>എഫ്.എച്ച്.സി തൃക്കൊടിത്താനം</td><td>1,00,70,000/-</td></tr></table></td></tr>
</table>

സെക്ഷൻ ഓഫീസർ